**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **13-12-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | വ്യവസായ വകുപ്പിന് കീഴിൽ ഗുരുവായൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം അറിയിക്കാമോ; | (ബി) | വ്യവസായ വകുപ്പിന് കീഴിൽ ഗുരുവായൂർ മണ്ഡലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. |
| (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ എത്ര സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ 13,533 സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി ആവിഷ്കരിച്ച് 8 മാസത്തിനുള്ളിൽ 2022 ഡിസംബർ 8 വരെയുള്ള കണക്ക് പ്രകാരം തൃശ്ശൂർ ജില്ലയിൽ 10,034 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 520.19 കോടി രൂപ നിക്ഷേപം വരുകയും , ജില്ലയിലാകെ 21224 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പൊതുമേഖലാസ്ഥാപനം | ഉല്പന്നങ്ങൾ |
|---|---|---|
| 1. | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | കോട്ടൺ നൂൽ ഉല്പാദനം |
| 2. | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി സ്റ്റാറ്റസിലുള്ള വിവിധ തരത്തിലുള്ള കണക്ഷൻ വർക്കുകൾ, തൂക്കുപാലങ്ങൾ, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം , സി സി ടി വി സിസ്റ്റം , എൽ. ഇ. ഡി. സ്ട്രീറ്റ് ലൈറ്റ് , മിനി ഹൈമാസ്റ്റ് ലൈറ്റ്സ്, പഞ്ചായത്തുകളുടെ കീഴിലുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാണ് സിൽക്കിന്റെ കോർപ്പറേറ്റ് ഓഫീസിനു കീഴിലുള്ള സർവ്വീസ് ഡിവിഷൻ മുഖേന ചെയ്തു വരുന്നത്. |
| 3. | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | പ്രതിരോധ , എയ്റോസ്പേസ് , ഹെവി എഞ്ചിനീയറിംഗ്, ഓയിൽ & ഗ്യാസ് എന്നീ മേഖലകളിലേക്ക് ആവശ്യമായി വരുന്ന ഫോർജിംഗുകളുടെ ഉല്പാദനം. |
| 4. | തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | കോട്ടൺ നൂൽ ഉല്പാദനം. |
| 5. | സിഡ്കോ പ്രൊഡക്ഷൻ യൂണിറ്റ് | ഫാബ്രിക്കേഷൻ വർക്സ് |
| 6. | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | പ്രോസസ് ചെയ്ത കശുവണ്ടി പരിപ്പിന്റെ ഉല്പാദനം. |

Divya

സെക്ഷൻ ഓഫീസർ